SUNDAY 02.07.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-02/07/2023.

1. പി എം കിസാൻ പദ്ധതിയിലെ ഗുണഭോക്താക്കളായ കർഷകർക്ക് വീട്ടിലിരുന്ന് ഒടിപിയോ വിരലടയാളമോ ആവശ്യമില്ലാതെ മുഖം സ്കാൻ ചെയ്തുകൊണ്ട് ഇ-കെ വൈ സി പൂർത്തിയാക്കാൻ സാധിക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ " PM KISAN GOI" കേന്ദ്രസർക്കാർ പുറത്തിറക്കി. കർഷകർക്ക് ധനസഹായം നൽകുന്ന പ്രധാനമന്ത്രി കിസാൻ സമ്മാൻ നിധിപദ്ധതിയുടെ ഭാഗമായി, മുഖം തിരിച്ചറിയാൻ കഴിയുന്ന മൊബൈൽ ആപ്പ് പുറത്തിറക്കി. ഒടിപിയുടെയോ വിരലടയാളത്തിന്റെയോ ആവശ്യമില്ലാതെ കർഷകർക്ക് അവരുടെ ഇ-കെ വൈ സി വിദൂരമായി അവരുടെ വീട്ടിലിരുന്ന് സൗകര്യപ്രദമായി പൂർത്തിയാക്കാൻ ഈ ആപ്പിലൂടെ കഴിയും. പുതിയ PM KISAN GOI ആപ്പ് ഉപയോക്തൃ സൗഹൃദവും ഗൂഗിൾ പ്ലേ സ്റ്റോറിൽനിന്നും ഡൗൺലോഡ് ചെയ്യാൻ എളുപ്പവുമാണ്. പദ്ധതിയുമായി ബന്ധപ്പെട്ട നിർണായക വിവരങ്ങളും പിഎം- കിസാൻ അക്കൗണ്ടുകളും ആപ്പ് കർഷകർക്ക് നൽകും. കർഷകർക്ക് അവരുടെ ഭൂമി രേഖകൾ, ബാങ്ക് അക്കൗണ്ടുകളുമായി ആധാർ ലിങ്ക് ചെയ്യൽ, ഇ-കെവൈസി സ്റ്റാറ്റസ് എന്നിവ നിരീക്ഷിക്കാൻ അനുവദിക്കുന്ന "നിങ്ങളുടെ അപേക്ഷയുടെ തൽസ്ഥിതി" അറിയുക എന്ന മൊഡ്യൂൾ ഇതിൽ ഉൾപ്പെടുന്നു. ഗുണഭോക്താക്കൾക്ക് വാതിൽപ്പടി സേവനം ലഭ്യമാക്കുന്നതിന് ആധാറുമായി ലിങ്ക് ചെയ്ത ബാങ്ക് അക്കൗണ്ടുകൾ തുറക്കുന്നതിനായി ഇന്ത്യ പോസ്റ്റ് പേയ്മെന്റ് ബാങ്കും (ഐപിപിബി) സുസജ്ജമാണ്. പദ്ധതിയെക്കുറിച്ച് കൂടുതൽ അറിയുവാൻ പിഎംകിസാൻ കേരള എന്ന ഫേസ്ബുക് പേജ് സന്ദർശിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : 1800-180-1551, 1800-425-1661 എന്നീ ടോൾ ഫ്രീ നമ്പരുകളിലോ, 0471-2304022, 0471-2964022 എന്നീ ഫോൺ നമ്പരുകളിലോ pmkisan.agri@kerala.gov.in എന്ന ഇ - മെയിൽവിലാസത്തിലോ ബന്ധപ്പെടുക.

2. കേരള കാർഷിക സർവകലാശാല വെള്ളാനിക്കര ഹോർട്ടികൾച്ചർ കോളേജ് പച്ചക്കറി ശാസ്ത്ര വിഭാഗം സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ സഹായത്തോടെ നടത്തുന്ന നാടൻ പച്ചക്കറി ഇനങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായി തനതു പച്ചക്കറി ഇനങ്ങളുടെ വിവരശേഖരണം നടത്തുന്നു. ഇത്തരം ഇനങ്ങൾ കൈവശമുള്ള കർഷകർ പച്ചക്കറി ശാസ്ത്ര വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. സംഗീതക്കുട്ടിയുമായി 7994207268 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. തൃശൂർ കൃഷിവിജ്ഞാനകേന്ദ്രത്തിൽ നടത്തുന്ന വിളപരിപാലനം, ബഡിങ്, ഗ്രാഫ്റ്റിങ് തുടങ്ങിയ നഴ്സറി മുറകൾ, ജൈവ ഉപാധികളുടെ നിർമ്മാണം കൂൺകൃഷി, കൂൺ വിത്തുൽപ്പാദനം, സസ്യ സംരക്ഷണ മുറകൾ, ഭക്ഷ്യ സംസ്കരണം, മൂല്യ വർധിത ഉൽപ്പന്നങ്ങൾ, ഹൈടെക് കൃഷി തുടങ്ങിയ വിഷയങ്ങളിലെ പരിശീലനങ്ങളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9400483754 എന്ന നമ്പറിൽ ഓഫീ സ് സമയത്തു വിളിച്ചു ബുക്ക് ചെയ്യേണ്ടതാണ്. ബി വി 380 കോഴികുഞ്ഞുങ്ങളും ബുക്ക് ചെയ്യാവുന്നതാണ്.

4. കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കരമനയിലുള്ള ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ ''ഉമ'' ഇനം നെൽവിത്ത് കിലോയ്ക്ക് 42 രൂപ നിരക്കിൽ വിൽപ്പനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9446104347, 9847022929, 0471- 2343586

5. എറണാകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ കരുമാലൂർ കരിമീൻ വിത്തുല്പാദക കർഷക സംഘം ഉല്പാദിപ്പിക്കുന്ന ഗുണമേന്മയുള്ള കരിമീൻ കുഞ്ഞുങ്ങളുടെ വില്പന കേരള അഗ്രോ ഇൻഡിസ്ട്രീസ് കോർപറേഷൻ (കെയ്കോ)യുടെ അങ്കമാലി അത്താണി വിപണന കേന്ദ്രത്തിൽ നിന്നും ആരംഭിച്ചു. കെയ്കോയുടെ 0484-2474267 അല്ലെങ്കിൽ 8547721150 എന്നീ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്ക് എല്ലാ മാസവും ആദ്യത്തെ വ്യാഴാഴ്ച രാവിലെ 10 മണിക്ക് അത്താണി വിപണന കേന്ദ്രത്തിൽ നിന്നും കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതാണ്. അൻപത് കുഞ്ഞുങ്ങൾ കൊള്ളുന്ന ഓക്സിജൻ നിറച്ച ബാഗുകളിലാണ് വിതരണം. 2 മുതൽ 3 സെന്റീമീറ്റർ വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്ക് ബാഗൊന്നിനു 345 രൂപയും 4 മുതൽ 5 സെന്റിമീറ്റർ വരെ വലുപ്പമുള്ള കുഞ്ഞുങ്ങൾക്ക് ബാഗൊന്നിന് 575 രൂപയുമാണ് വില. 20 ബാഗിൽ കൂടുതൽ ബുക്ക് ചെയ്യുന്ന കർഷകർക്ക് എറണാകുളം ജില്ലയിലെവിടേയും കൃഷിയിടത്തിൽ എത്തിച്ചുകൊടുക്കുന്നതാണ്.

## പരിശീലന പരിപാടി

6. തിരുവനന്തപുരം പട്ടത്തുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച്ജൂലൈ 5, 6 തീയതികളിൽ ''പാലും പരിശുദ്ധിയും കർഷകർ അറിയേണ്ടതെല്ലാം'' എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. താല്പര്യമുള്ളവർ ജൂലൈ 4 ന് 5 മണിക്ക് മുൻപായി ഫോൺ മുഖേനയോ, നേരിട്ടോ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനാർഥികൾ ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. കൂടുതൽ

വിവരങ്ങൾക്ക് ക്ഷീര പരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്, പട്ടം, പട്ടം പി ഒ., തിരുവനന്തപുരം 695004 എന്ന മേൽവിലാസിലോ, 0471 2440911 എന്ന ഫോൺ നമ്പറിലോ principaldtctvm@gmail.com എന്ന ഇ -മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

7. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർപാലിന്റെ ഉണക്കത്തൂക്കം (DRC) നിർണയിക്കുന്നതിൽ ത്രിദിന സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. കോട്ടയത്ത് എൻ.ഐ.ആർ.റ്റി.-യിൽ വെച്ച് ജൂലൈ 5 മുതൽ 7 വരെയുള്ള തീയതികളിൽ നടക്കുന്ന കോഴ്സിൽ പ്ലസ്ടുവിനോ ബിരുദത്തിനോ രസതന്ത്രം ഒരു വിഷയമായി പഠിച്ചിട്ടുള്ളവർക്ക് ചേരാം. താൽപര്യമുള്ളവർക്ക് https://bit.ly/3feCcVj എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2353127, 7306464582 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

8. ട്രൈക്കോഗ്രമ്മയുടെ മുട്ടകൾ അടക്കം ചെയ്ത കാർഡുകളാണ് ട്രൈക്കോഗ്രമ്മ കാർഡുകൾ. ട്രൈക്കോഗ്രമ്മ എന്ന ചെറിയ പ്രാണികൾ ഇവ തണ്ട് തുരപ്പൻ, ഇല ചുരുട്ടിപ്പുഴു തുടങ്ങിയ കീടങ്ങളുടെ മുട്ടക്കൂട്ടങ്ങളെ തിരഞ്ഞുപിടിച്ച് മുട്ടകൾ നിക്ഷേപിക്കുന്നു. മഞ്ഞ നിറത്തിലുള്ള ട്രൈക്കോഗ്രമ്മ ജപ്പോനിക്കത്തിന്റെ കാർഡുകൾ തണ്ട് തുരപ്പനെതിരെയും പിങ്ക് നിറത്തിലുള്ള ട്രൈക്കോഗ്രമ്മ കീലോനിസിന്റെ കാർഡുകൾ. നെല്ലിലെ ഓല ചുരുട്ടിപുഴുവിനെതിരെയും പച്ചക്കറികൾ, മറ്റ് വിളകൾ എന്നിവയിലെ ശലഭ പുഴുക്കൾക്കൾക്കെതിരെയും വളരെ ഫലപ്രദമാണ്. കൂടുതൽ വിവരങ്ങൾക്ക് കാർഷിക കോളേജ്, വെള്ളായണി, വെള്ളാനിക്കര എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ബയോകൺട്രോൾ ലാബിലും മണ്ണുത്തിയിലുള്ള കേരള സ്റ്റേറ്റ് ബയോകൺട്രോൾ ലാബിലും ഇവ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 7593913314 (വെള്ളായണി), 0487 2438470, 0487 2438471 (വെള്ളാനിക്കര), 0487 2374605 (മണ്ണുത്തി).